11130
28/6/19

**കേരള സർക്കാർ**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കണ്ണൂർ ജില്ല – ജനസമ്പർക്ക പരിപാടി 2017 – യഥാസമയം മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്നതും പിന്നീട് ഹാജരാക്കിയതുമായ അപേക്ഷകർക്ക് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്

**സ. ഉ. (ആർ.ടി) നം.1511/2019/റവ. തിരുവനന്തപുരം, തീയതി: 15.06.2019**

---

പരാമർശം: 1. ജി.ഒ (ആർ.റ്റി) നം. 3162/2018/റവ. തീയതി : 03.08.2018
2. കണ്ണൂർ ജില്ലാ കളക്ടറുടെ DCKNR/4109/2017/PG 1 (1,2,3,4) നമ്പർ കത്ത്., തീയതി: 30.01.2019

**ഉത്തരവ്**

കണ്ണൂർ ജില്ലാ കളക്ടറേറ്റ് ഓഡിറ്റോറിയത്തിൽ വെച്ച് രണ്ട് ഘട്ടമായി നടത്തപ്പെട്ട ജനസമ്പർക്ക പരിപാടി - 2017 ൽ, ചികിത്സാ ധനസഹായത്തിനായി ലഭിച്ച അപേക്ഷകളിന്മേൽ ആകെ 1887 പേർക്ക് ഇതിനകം തന്നെ ധനസഹായം അനുവദിച്ചിട്ടുള്ളതും എന്നാൽ യഥാസമയം മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്നതും ഇപ്പോൾ ഹാജരാക്കിയിട്ടുള്ളതുമായ 174 പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് നൽകണമെന്ന് പരാമർശം (2) പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാ കളക്ടറേറ്റ് ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന ജനസമ്പർക്ക പരിപാടി - 2017 ൽ യഥാസമയം മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്നതും പിന്നീട് ഹാജരാക്കിയതുമായ 174 പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ആകെ 20,37,000/- രൂപ (ഇരുപത് ലക്ഷത്തി മുപ്പത്തേഴായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന **20,37,000/- രൂപ (ഇരുപത് ലക്ഷത്തി മുപ്പത്തേഴായിരം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് നൽകേണ്ടതും, ജില്ലാ കളക്ടർ മേൽപറഞ്ഞ നിർദ്ദേശങ്ങൾ പാലിച്ച വിവരം ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**സന്തോഷ് കുമാർ.ടി.കെ**
**ജോയിന്റ് സെക്രട്ടറി**

ജില്ലാ കളക്ടർ, കണ്ണൂർ
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ഐ & പി ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ